# ഓണാഘോഷം 2005 - സംഘഗാനം

കുട്ടനാടൻ കായലിലെ കെട്ടുവള്ളം തുഴയുമ്പം
പാട്ടൊന്നു പാടടി കാക്കക്കറുമ്പി
അന്തിക്കുടം കമഴ്ത്തി ഞാൻ ഇളംകള്ളു കുടിക്കുമ്പം
പഴങ്കഥ പറയടി പുള്ളിക്കുയിലേ. . .

പുള്ളിക്കുയിലേ. . .  പുഞ്ചയ്ക്കിനി വെള്ളം തേവണം
കള്ളിക്കുയിലേ. . .  തഞ്ചത്തിലു മീനും പിടിക്കണം

വേമ്പനാട്ടു കായൽ തിരകൾ. . .  വിളിക്കുന്നു തകതിമി തിമൃതൈ
അമ്പിളിച്ചുണ്ടൻ വള്ളം. . .  തുടിക്കുന്നു തകതിമി തിമൃതൈ

കുട്ടനാടൻ കായലിലെ കെട്ടുവള്ളം തുഴയുമ്പം
പാട്ടൊന്നു പാടടി കാക്കക്കറുമ്പി
അന്തിക്കുടം കമഴ്ത്തി ഞാൻ ഇളംകള്ളു കുടിക്കുമ്പം
പഴങ്കഥ പറയടി പുള്ളിക്കുയിലേ. . .

തെയ് തെയ് തെയ്യത്തോം തക തെയ് തെയ് തെയ്യത്തോം

തിര തിര – തിര – ചെറുതിര തുള്ളും
തിര തിര – തിര – മറുതിര തുള്ളും } 2
ചെറുകരയോളം. . .  മറുകരയോളം. . .

ഒരു തിര – തിര
ഇരു തിര – തിര
ചെറു തിര – തിര
മറു തിര – തിര

കരയൊടു തിര മെല്ലെ കടലിന്റെ കഥ ചൊല്ലി
തിരയൊടു കര മെല്ലെ മലയുടെ കഥ ചൊല്ലി
അതു പിന്നെ മലയൊടു പുഴയുടെ കഥ ചൊല്ലി
അതു പിന്നെ മുകിലൊടു മഴയുടെ കഥ ചൊല്ലി

കടങ്കഥകൾ. . .  പഴങ്കഥകൾ – അവയുടെ
ചിറകുരുമ്മി പതം പറഞ്ഞിനി
പറന്നുയരാം. . .

കുട്ടനാടൻ കായലിലെ കെട്ടുവള്ളം തുഴയുമ്പം
പാട്ടൊന്നു പാടടി കാക്കക്കറുമ്പി

അന്തിക്കുടം കമഴ്ത്തി ഞാൻ ഇളംകള്ളു കുടിക്കുമ്പം
പഴങ്കഥ പറയടി പുള്ളിക്കുയിലേ. . .

തെയ് തെയ് തോം. . .  തെയ് തെയ് തോം. . .
തെയ് തെയ് തോം. . .  തെയ് തെയ് തോം. . .

പുള്ളിക്കുയിലേ എന്റെ
പുള്ളിക്കുയിലേ എന്റെ
പുള്ളി പുള്ളി പുള്ളിയുള്ള
പുള്ളിക്കുയിലേ. . .  } 2

തക തക തക തെയ്

അലകടലല അലയിളകുമ്പോൾ
നര പത നര നര ചിതറുമ്പോൾ
എന്തൊരു മോഹം. . .  എന്തൊരു ചന്തം
തിമൃത തിമൃതത്തെയ്  } 2

തിര വിരൽ തൊട്ടു മണൽത്തരി
അതിലൊരു നര ചെറു പത നര – നര
കരയിലെ മണലിനെ കടലൊരു കുറി ചൊല്ലി
കുറിമാനം എടുത്തൊരു തെന്നലിനു കരം നൽകി
തെന്നലതു പറപറന്നകലത്തെ മുളയുടെ
കടലിന്റെ കരളിലെ കനവിനു കടം നൽകി
മുള പാടി – കാറ്റാടി – കടലിന്റെ
കഥയെല്ലാം – കാടറിഞ്ഞേ – നാടറിഞ്ഞേ. . .

കുട്ടനാടൻ കായലിലെ കെട്ടുവള്ളം തുഴയുമ്പം
പാട്ടൊന്നു പാടടി കാക്കക്കറുമ്പി
അന്തിക്കുടം കമഴ്ത്തി ഞാൻ ഇളംകള്ളു കുടിക്കുമ്പം
പഴങ്കഥ പറയടി പുള്ളിക്കുയിലേ. . .

പുള്ളിക്കുയിലേ. . .  പുഞ്ചയ്ക്കിനി വെള്ളം തേവണം
കള്ളിക്കുയിലേ. . .  തഞ്ചത്തില് മീനും പിടിക്കണം

വേമ്പനാട്ടു കായൽ തിരകൾ. . .  വിളിക്കുന്നു തകതിമി തിമൃതൈ
അമ്പിളിച്ചുണ്ടൻ വള്ളം. . .  തുടിക്കുന്നു തകതിമി തിമൃതൈ

കുട്ടനാടൻ കായലിലെ കെട്ടുവള്ളം തുഴയുമ്പം
പാട്ടൊന്നു പാടടി കാക്കക്കറുമ്പി
അന്തിക്കുടം കമഴ്ത്തി ഞാൻ ഇളംകള്ളു കുടിക്കുമ്പം
പഴങ്കഥ പറയടി പുള്ളിക്കുയിലേ. . .